

# കോട്ടയം ഗ്രാമ പഞ്ചായത്ത്

## 14–ാം പഞ്ചവത്സര പദ്ധതി

[ 2022-2027 ]

# നവകേരളത്തിന് ജനകീയാസൂത്രണം

## വികസന രേഖ



















# കോട്ടയം ഗ്രാമപഞ്ചായത്ത്

## നവകേരളത്തിനായി ജനകീയാസൂത്രണം

# 14-ാം പഞ്ചവത്സര പദ്ധതി

## 2022 - 2027

# വികസനരേഖ

# കോട്ടയം ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



**രാജീവൻ സി.**
(പ്രസിഡണ്ട് )



**ധർമ്മജ എം**
(വൈസ്: പ്രസിഡന്റ്)



**പി.എൻ മഞ്ജുഷ**
(സെക്രട്ടറി)



**അബൂബക്കർ പി.കെ.**
(വികസനസ്റ്റാന്റിങ്ങ്കമ്മിറ്റി ചെയർമാൻ)



**ജിഷ പി.**
(ക്ഷേമകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റി ചെയർമാൻ)



**ദിലീപ്കുമാർ എം.പി.**
(ആരോഗ്യ– വിദ്യാഭ്യാസ സ്റ്റാന്റിങ്ങ്കമ്മിറ്റി ചെയർമാൻ)



**സീന കൊല്ലനാണ്ടി**
(മെമ്പർ, വാർഡ് 1 )



**സഞ്ജയൻ കെ.**
(മെമ്പർ, വാർഡ് 3)



**സുഫീറ എ.കെ.**
(മെമ്പർ, വാർഡ് 4)



**വിപിന എ.കെ.**
(മെമ്പർ, വാർഡ് 5)



**ഷൈജ പി.സി.**
(മെമ്പർ, വാർഡ് 7)



**അമൃത എം**
(മെമ്പർ, വാർഡ് 8)



**ബിപിൻചാന്ദ് പി.എ.**
(മെമ്പർ, വാർഡ് 9)



**സുഗന്ധ.എ**
(മെമ്പർ, വാർഡ് 13)



**ടി.പി. ഇബ്രാഹിം**
(മെമ്പർ, വാർഡ് 14)

# എഡിറ്റോറിയൽ ബോർഡ്


| | |
|---|---|
| സി. രാജീവൻ | പ്രസിഡണ്ട് |
| എം. ധർമ്മജ | വൈസ് പ്രസിഡണ്ട് |
| പി.കെ. അബൂബക്കർ | വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ |
| എം. മോഹനൻ | ആസൂത്രണസമിതി വൈസ് ചെയർമാൻ |
| കെ.പി. നസീർ | റിസോഴ്സ് പേഴ്സൺ, കില |
| ജയപ്രകാശം പന്തക്ക | റിസോഴ്സ് പേഴ്സൺ, കില |
| മഞ്ജുഷ പി.എൻ. | സെക്രട്ടറി, പ്ലാൻ കോഡിനേറ്റർ |




# സമർപ്പണം

വികസന സങ്കൽപ്പങ്ങൾക്ക്
പുതിയ ആശയവുമായ് മുന്നോട്ട്
പോകുമ്പോൾ നമ്മുടെ രാഷ്ട്രപിതാവ്
വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന
ആശയത്തെ മുൻനിർത്തിക്കൊണ്ട്
ജനകീയാസൂത്രണത്തിന്റെ
ഉപജ്ഞാതാവായ ഇ.എം.സിന്റെ
വികസന സ്വപ്നങ്ങൾ കേരളീയ
വികസന ബദലായി രൂപാന്തരപ്പെടുമ്പോൾ
ആധുനിക ലോക ക്രമത്തിന്റെ
പുതിയ ഉപഭോഗസംസ്കാരത്തിന്റെ
ആക്രമണത്തിനിടയിൽ
നാം തിരിച്ചറിയുന്നു....
വികസനം ജീവിത ഗുണത
പടിപടിയായി ഉയർത്തന്ന പ്രക്രിയ
ഗതകാലങ്ങളിൽ എണ്ണി എണ്ണി
പറയാവുന്ന നിരവധി നേട്ടങ്ങൾ
നേടിയവയെ സുസ്ഥിരമാക്കാനും
പുതിയവ നേടാനും ജനങ്ങളോടൊപ്പം
ഭരണ സാരഥികളായി ഞങ്ങളും.
സാമ്പത്തിക വികസനം
സാമൂഹിക നീതി പ്രാദേശിക
വിഭവ വിനിയോഗം ദാരിദ്ര ലഘൂകരണം
സമഗ്രവികസന കാഴ്ചപാടുകൾ
അതുവഴി സുസ്ഥിര വികസനം
പ്രശ്നങ്ങൾ അറിയാൻ
പരിഹാരങ്ങൾ നിർദ്ദേശിക്കാൻ
വിഭവസാധ്യത അനുസരിച്ച്
സമയബന്ധിതമായി
നിർവ്വഹണം നടത്താൻ
സുതാര്യത ഉറപ്പുവരുത്താൻ
പ്രാദേശിക ആസൂത്രണത്തിന്റെ
ചിറകിൽ ഇനിയും ഒരുപാട്
നേടാനുണ്ട്.
അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയ
വാതിൽപ്പടി സേവന പദ്ധതി
തെളിനീരൊഴുകും നവകേരളം
എന്റെ തൊഴിൽ എന്റെ അഭിമാനം.
പ്രതികൂല സാഹചര്യങ്ങളെ
അതിജീവിക്കുന്നതിനും വികസന
മാതൃക സൃഷ്ടിക്കുന്നതിനും
പരിസ്ഥിതി സൗഹൃദത്തിലൂന്നിയ
വികസന സങ്കൽപ്പങ്ങൾ എന്നിവ
യാഥാർത്ഥ്യമാക്കാൻ   കൂടുതൽ
കരുത്തോടെ ജനപിന്തുണയോടെ
ആസൂത്രണ സമിതിയുടെയും കിലയുടെ
റിസോർഴ്സ് പേഴ്സൺമാരുടെയും
സഹായത്തോടെ നമുക്ക് മുന്നേറാം
പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വിക
സനരേഖ ബഹുജനസമക്ഷം സ്വാഭിമാനം
സമർപ്പിക്കുന്നു.

സ്നേഹത്തോടെ,
ഭരണസമിതിക്ക് വേണ്ടി
**സി രാജീവൻ**
(പ്രസിഡന്റ് കോട്ടയം ഗ്രാമപഞ്ചായത്ത്)

# കോട്ടയം ഗ്രാമപഞ്ചായത്ത്





"നിങ്ങൾ കണ്ടിട്ടുള്ളതിലും വച്ച് ഏറ്റവും ദരിദ്രനും ദുർബലനുമായവന്റെ
മുഖം ഓർമ്മിക്കുക എന്നിട്ട് സ്വയം ചോദിക്കുക,
നിങ്ങൾ ഉദ്ദേശിക്കുന്ന നടപടി അവന് ഗുണപ്രദമാകുമോ?"

–മഹാത്മാഗാന്ധി














POCO





"നാടിന്റെ വികസന കാര്യത്തിൽ
തീരുമാനമെടുക്കേണ്ടത്
സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥരല്ലാ
നാട്ടുകാരാണ്."

**- ഇ. എം. എസ്.-**














# ഉള്ളടക്കം

അധ്യായം 1 ആമുഖം....................................................10–22

അധ്യായം 2 പ്രകൃതി ദുരന്തങ്ങളും അതിജീവനവും.....................23 – 25

അധ്യായം 3 വികസന നയവും തന്ത്രവും.................................... 26–33

അധ്യായം 4 വിഭവസമാഹരണം....................................................34–36

അധ്യായം 5 വികസന മേഖല....................................................37–213

അധ്യായം 6 പതിനാലാം പഞ്ചവത്സര
പദ്ധതി പ്രവർത്തനങ്ങൾ.................................... 214–225

# കോട്ടയം ഗ്രാമപഞ്ചായത്ത്
# മഴക്കാല പൂർവ്വ ശുചിത്വ ക്യാമ്പയിൻ

## പൊതുശുചീകരണത്തിൽ പങ്കാളികളാവുക

# പൊതുവിവരങ്ങൾ

| | | |
|---|---|---|
| 1. | പഞ്ചായത്ത് | : കോട്ടയം |
| 2. | ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം | : കോട്ടയം പൊയിൽ |
| 3. | ജില്ല | : കണ്ണൂർ |
| 4. | താലൂക്ക് | : തലശ്ശേരി |
| 5. | ബ്ലോക്ക് | : കൂത്തുപറമ്പ് |
| 6. | വില്ലേജ് | : കോട്ടയം മലബാർ |
| 7. | ലോക്സഭാ മണ്ഡലം | : വടകര |
| 8. | നിയമസഭാ മണ്ഡലം | : കൂത്തുറമ്പ് |
| 9. | ജില്ലാപഞ്ചായത്ത് ഡിവിഷൻ | : കതിരൂർ |
| 10. | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : കോട്ടയം, മാങ്ങാട്ടിടം |
| 11. | വിസ്തീർണ്ണം | : 8.43 ച.കി.മീ |
| 12. | ജനസംഖ്യ(2011) | : 21265 |
| 13. | ജനസംഖ്യ (സ്ത്രീകൾ) | : 10657 |
| 14. | ജനസംഖ്യ പുരുഷൻമാർ | : 10608 |
| 15. | പട്ടികജാതി ജനസംഖ്യ | : 265 |
| 16. | പട്ടികജാതി സ്ത്രീകൾ | : 144 |
| 17. | പട്ടികജാതി പുരുഷന്മാർ | : 121 |
| 18. | പട്ടിക വർഗ്ഗ ജനസംഖ്യ | : 18 |
| 19. | പട്ടിക വർഗ്ഗ സ്ത്രീകൾ | : 09 |
| 20. | പട്ടിക വർഗ്ഗ പുരുഷന്മാർ | : 09 |
| 21. | ആകെ വീടുകൾ | : 5576 |
| 22. | ആകെ പട്ടികജാതി വീടുകൾ | : 74 |
| 23. | ആകെ പട്ടിക വർഗ്ഗ വീടുകൾ | : 02 |
| 24. | ആകെ നിയോജക മണ്ഡലങ്ങൾ | : 14 |
| 25. | സ്ത്രീ സംവരണ മണ്ഡലങ്ങൾ | : 07 |
| 26. | പട്ടികജാതി സംവരണം | : 01 |
| 27. | സ്ത്രീ.പുരുഷ അനുപാതം | : 1068:1060 |
| 28. | ആകെ പെൻഷൻ ഗുണഭോക്താക്കൾ | : 4682 |

| | | |
|---|---|---|
| 29. | ആകെ ബി.പി.എൽ കുടുംബങ്ങൾ (2016) | : 1167 |
| 30. | ആകെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ | : 147 |
| 31. | ആകെ ആശ്രയ ഗുണഭോക്താക്കൾ | : 47 |
| 32. | ആകെ തൊഴിലുറപ്പ് തൊഴിലാളികൾ | : 913 |
| 33. | ആകെ രജിസ്റ്റർ ചെയ്തകുടുംബങ്ങൾ | : 1411 |
| 34. | ആകെ തൊഴിൽ ദിനങ്ങൾ | : 7378 |
| 35. | ഒരുപഞ്ചായത്തിലെ പരമാവധി ചിലവഴിച്ച തുക | : 8400000 |
| 36. | ആകെ പട്ടികജാതി കുടുംബങ്ങൾ | : 75 |
| 37. | ആകെ പട്ടികജാതി കോളനികൾ | : ഇല്ല |
| 38. | ആകെ പട്ടികജാതി സങ്കേതങ്ങൾ | : 03 |
| 39. | ആകെ പട്ടിക വർഗ്ഗ കുടുംബങ്ങൾ | : 04 |
| 40. | സാക്ഷരത | : 94.29% |
| 41. | പുരുഷ സാക്ഷരത | : 97.35% |
| 42. | സ്ത്രീ സാക്ഷരത | : 91.57% |
| 43. | നീർത്തട പ്രദേശങ്ങൾ | : 1. കോട്ടയം മലബാർ<br>2. എരുവട്ടി വലിയതോട് |

44. അതിരുകൾ :

| | | |
|---|---|---|
| വടക്ക് | : | വേങ്ങാട്, മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തുകൾ |
| തെക്ക് | : | കതിരൂർ, പാട്യം ഗ്രാമ പഞ്ചായത്തുകൾ |
| കിഴക്ക് | : | കൂത്തുപറമ്പ് നഗരസഭ |
| പടിഞ്ഞാറ് | : | പിണറായി, കതിരൂർ ഗ്രാമ പഞ്ചായത്തുകൾ |

# ഗ്രാമപഞ്ചായത്ത് ഭരണസമിതി

| | | |
|---|---|---|
| 1. | ശ്രീ. സി.രാജീവൻ | (പ്രസിഡണ്ട്) |
| 2. | ശ്രീമതി ധർമജ. എം. | (വൈസ് പ്രസിഡണ്ട്) |
| 3. | ശ്രീ. പി. ജിഷ | (ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി) |
| 4. | ശ്രീ. പി.കെ. അബൂബക്കർ | (ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി) |
| 5. | ശ്രീ. എം.പി. ദിലീപ്കുമാർ. | (ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി) |
| 6. | ശ്രീമതി കെ. സീന | : മെമ്പർ |
| 7. | ശ്രീ. സഞ്ജയൻ കെ. | : മെമ്പർ |
| 8. | ശ്രീമതി സുഫീറ എ.കെ. | : മെമ്പർ |
| 9. | ശ്രീ. ബിപിൻചാന്ദ് പി.എ. | : മെമ്പർ |
| 10. | ശ്രീ. ടി.പി. ഇബ്രാഹിം | : മെമ്പർ |
| 11. | ശ്രീമതി സുഗന്ധ എ. | : മെമ്പർ |
| 12. | ശ്രീമതി. അമൃത എം. | : മെമ്പർ |
| 13. | ശ്രീമതി ഷൈജ പി.സി | : മെമ്പർ |
| 14. | ശ്രീമതി വിപിന എ.കെ. | : മെമ്പർ |
| | ശ്രീമതി മഞ്ജുഷ പി.എൻ | : സെക്രട്ടറി |
| | ശ്രീമതി ആർ. ഷീല | (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്) |
| | ശ്രീമതി ടി.കെ.ദീപ | (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ) |
| | ശ്രീമതി യു.പി. ശോഭ | (ജില്ലാ പഞ്ചായത്ത് മെമ്പർ) |

# ആസൂത്രണ സമിതി

| ക്രമ നമ്പർ | പേരും വിലാസവും | ആസൂത്രണസമിതിയിലെ സ്ഥാനം |
|---|---|---|
| 1 | സി രാജീവൻ | അദ്ധ്യക്ഷൻ |
| 2 | മോഹനൻ എം | ഉപാദ്ധ്യക്ഷൻ |
| 3 | മഞ്ജുഷ പി എൻ | കൺവീനർ |
| 4 | എം ധർമ്മജ | അംഗം |
| 5 | എം പി ദിലീപ് കുമാർ | അംഗം |
| 6 | പി കെ അബൂബക്കർ | അംഗം |
| 7 | പി.ജിഷ | അംഗം |
| 8 | പി ജാനകി ടീച്ചർ | അംഗം |
| 9 | ടി ഷബ്ന | അംഗം |
| 10 | കെ.മനോഹരൻ | അംഗം |
| 11 | എം ദാസൻ, ഇൻസാറ്റ് | അംഗം |
| 12 | കെ പി നസീർ | അംഗം |
| 13 | എം.സുധാകരൻ മാസ്റ്റർ | അംഗം |

# ഉപസമിതി

1. ശ്രീ. സി. രാജീവൻ
2. ശ്രീ. പി.കെ. അബൂബക്കർ
3. ശ്രീ. എം.പി. ദിലീപ്കുമാർ
4. ശ്രീമതി പി. ജിഷ
5. ശ്രീ. എം. മോഹനൻ
6. ശ്രീ. കെ.പി. നസീർ
7. ശ്രീ. ജയപ്രകാശ് പന്തക്ക
8. ശ്രീ. സത്യസജീവൻ മാസ്റ്റർ

# ജനപ്രതിനിധികൾ

ലോകസഭ - വടകര : **ശ്രീ. കെ. മുരളീധരൻ**

നിയമസഭ - കൂത്തുപറമ്പ് : **ശ്രീ. കെ.പി. മോഹനൻ**

ജില്ലാ പഞ്ചായത്ത് - പാട്യം ഡിവിഷൻ
: **ശ്രീമതി യു.പി. ശോഭ**

ബ്ലോക്ക് പഞ്ചായത്ത് - : 1. മാങ്ങാട്ടിടം ഡിവിഷൻ
**ശ്രീമതി ലിജിഷ**

2. കോട്ടയം ഡിവിഷൻ
**ശ്രീമതി ടി.കെ. ദീപ**
(ചെയർപേഴ്സൺ- ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി, കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത്)

# കോട്ടയം ഗ്രാമപഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങൾ

| | | | |
|---|---|---|---|
| 1. | ഗ്രാമപഞ്ചായത്ത് ഓഫീസ് | : | കോട്ടയം പൊയിൽ |
| 2. | വില്ലേജ് ഓഫീസ് | : | കോട്ടയം പൊയിൽ |
| 3. | കൃഷി ഭവൻ | : | കോട്ടയം അങ്ങാടി |
| 4. | കുടുംബ ആരോഗ്യ കേന്ദ്രം | : | പൂള ബസാർ |
| 5. | ആയുർവേദ ഡിസ്പെൻസറി | : | കോട്ടയം പൊയിൽ |
| 6. | ഐ.സി.ഡി.പി. സെന്റർ | : | പൂള ബസാർ |
| 7. | വെറ്റിനറി ഡിസ്പെൻസറി | : | കൂവ്വപ്പാടി |
| 8. | ഫാമിലി വെൽഫെയർ സെന്റർ | : | 1. തളേളാട്<br>2. കോട്ടയം അങ്ങാടി<br>3. ആറാം മൈൽ |
| 9. | വില്ലേജ് എക്സറ്റൻഷൻ ആഫിസർ | : | കോട്ടയം പൊയിൽ |
| 10. | തപാൽ ഓഫീസ് | : | 1. കോട്ടയം പൊയിൽ<br>2. കോട്ടയം അങ്ങാടി |
| 11. | ശിശുമന്ദിരം | : | കൂവ്വപ്പാടി |
| 12. | സാംസ്കാരിക നിലയം | : | തളേളാട് |
| 13. | അങ്കണവാടികൾ | : | 1. മൗവ്വേരി<br>2. കമ്പിത്തൂൺ<br>3. കിണവക്കൽ<br>4. കപ്പാറ<br>5. പുറക്കളം<br>6. തളേളാട്<br>7. കോട്ടയം അങ്ങാടി<br>8. കാനത്തുംചിറ<br>9. പൈക്കാട്<br>10. പാറമുക്ക്<br>11. ഏഴാം മൈൽസ്<br>12. കോട്ടയം പൊയിൽ<br>13. കുന്നിനുമീത്തൽ<br>14. സുധീഷ് നഗർ<br>15. കാരക്കുന്ന്<br>16. പൂള ബസാർ<br>17. കൂവ്വപ്പാടി<br>18. മംഗലോട്ടു ചാൽ<br>19. ആറാം മൈൽ |
| 14. | ഹോമിയോ ഡിസ്പെൻസറി | : | കോട്ടയം അങ്ങാടി |
| 15. | യുനാനി ഡിസ്പെൻസറി | : | കിണവക്കൽ |

# വിദ്യാലയങ്ങൾ

| | | |
|---|---|---|
| 1. | ഓലായിക്കര നോർത്ത് എൽ.പി. സ്കൂൾ | : മൗവ്വേരി |
| 2. | കിണവക്കൽ എൽ.പി.സ്കൂൾ | : മൗവ്വേരി |
| 3. | മൗവ്വേരി മാപ്പിള എൽ.പി.സ്കൂൾ | : കിണവക്കൽ |
| 4. | തളേളാട് എൽ.പി.സ്കൂൾ | : തളേളാട് |
| 5. | എരുവട്ടി ഈസ്റ്റ് എൽ.പി.സ്കൂൾ | : കാനത്തുംചിറ |
| 6. | കോട്ടയം ഗവ: ഹയർസെക്കന്ററി സ്കൂൾ | : കോട്ടയം അങ്ങാടി |
| 7. | എരുവട്ടി യു.പി.സ്കൂൾ | : കാനത്തും ചിറ |
| 8. | കാനത്തും ചിറ എൽ.പി.സ്കൂൾ | : കാനത്തും ചിറ |
| 9. | കുന്നിനു മീത്തൽ എൽ.പി.സ്കൂൾ | : കുന്നിനുമീത്തൽ |
| 10. | എരുവട്ടി വെസ്റ്റ് എൽ.പി.സ്കൂൾ | : പൂള ബസാർ |
| 11. | ഓലായിക്കര സൗത്ത് എൽ.പി.സ്കൂൾ | : ഓലായിക്കര |
| 12. | കൂവ്വപ്പാടി മാപ്പിള എൽ.പി.സ്കൂൾ | : കൂവ്വപ്പാടി |
| 13. | ഐ.എച്ച്.ആർ.ഡി കോളേജ് | : പുറക്കളം |

# തുടർവിദ്യാകേന്ദ്രങ്ങൾ

| | | |
|---|---|---|
| 1. | തുടർ വിദ്യാകേന്ദ്രം | : കിണവക്കൽ മെട്ട |
| 2. | തുടർ വിദ്യാകേന്ദ്രം | : ആറാം മൈൽ |

# അദ്ധ്യായം 1

## ആമുഖം

# അദ്ധ്യായം 1

## ആമുഖം

അധികാരം ജനങ്ങളിലേക്ക് പകർന്നു നൽകി നാടിനെന്തു വേണമെന്ന് ജനങ്ങൾ തന്നെ തീരുമാനിക്കുന്ന പ്രാദേശിക ഭരണ സംവിധാനമുള്ള നമ്മുടെ സംസ്ഥാനം ലോകത്തിന് തന്നെ സംഭാവന ചെയ്ത മികച്ച മാതൃകകളിലൊന്നാണ് ജനകീയാസൂത്രണ പ്രസ്ഥാനം. 1996 ആഗസ്ത് 17ന് ചിങ്ങമാസം 1-ാം തീയതി കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രിയും നവകേരള ശില്പിയുമായ ഇം.എം.എസ്സാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തിരി കൊളുത്തിയത്. നാട്ടിലെ ഏറ്റവും ദരിദ്രനായ മനുഷ്യന്റെ വിമോചന സ്ഥാപനത്തിനൊപ്പം മഹാത്മജി ചേർത്ത് വെച്ചത് ഗ്രാമസ്വരാജ് എന്ന മഹത്തായ ഒരു ആശയമായിരുന്നു.

1996 ൽ അധികാരത്തിൽ വന്ന ശ്രീ. ഇ.കെ. നായനാരുടെ നേതൃത്വത്തിൽ വന്ന സർക്കാർ ആസൂത്രണത്തിന് പുതിയൊരു ദിശാബോധം തെളിയിച്ച സർക്കാർ ആയിരുന്നു. രാജ്യത്താകെ 73, 74 ഭരണസംഘടനാ ഭേദഗതിയെ തുടർന്ന് പഞ്ചായത്തീരാജ് നഗരപാലിക ബിൽ അവതരിപ്പിപ്പെടുകയും അതിനെ തുടർന്ന് സമൂലമായ മാറ്റത്തിന് കേരളം സാക്ഷ്യം വഹിക്കുകയും ചെയ്തു. ഭരണഘടനാ ഭേദഗതി കൊണ്ടു മാത്രം പ്രാദേശികതലത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയുമായിരുന്നില്ല. ഭരണാധികാരികളുടെ ഇച്ഛാശക്തിയാണ് അതി നിർണ്ണയിക്കുന്നത് എന്നും കേരളം കാട്ടിത്തന്നു. കേന്ദ്രനിയമത്തെ അടിസ്ഥാനമാക്കി സംസ്ഥാന നിയമസഭ പാസ്സാക്കേണ്ട നിയമഭേദഗതി അതിന്റെ അനുവദിക്കപ്പെട്ട സമയത്തിന്റെ ഏറ്റവും ഒടുവിലാണ് കേരളം പാസ്സാക്കിയിരുന്നത്. 1995 ൽകേരളത്തിൽ നടന്ന തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ പുതിയ ഭേദഗതി പ്രകാരം അധികാരത്തിൽ വന്ന ഭരണസമിതികൾ നിലവിൽ വന്നു. എന്നിട്ടും അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് കേരളത്തിൽ ആലോചിച്ചിരുന്നില്ല. എന്നാൽ അനൗപചാരികമായി കേരളത്തിൽ നടപ്പാക്കേണ്ട വികേന്ദ്രീകൃതാസൂത്രണം സംബന്ധമായ വ്യക്തമായ പഠനങ്ങളും നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും മുന്നോട്ടു വെക്കുകയുണ്ടായി. പഠനങ്ങളും നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും മുന്നോട്ട് വെക്കുകയുണ്ടായി. 1996 ലെ പൊതുതെരഞ്ഞെടുപ്പിൽ ഇ.കെ. നായനാരുടെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. സർക്കാരാണ് അധികാരമേൽക്കുന്നത്. പുതിയ സർക്കാർ അധികാരം താഴെ തട്ടിലേക്ക്, മഹാത്മജിയുടെ ഗ്രാമസ്വരാജ് എന്ന സങ്കല്പങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള  പരിശ്രമമാണ് നടത്തിയത്. ഇതിനെ തുടർന്നാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന ആശയത്തിന് രൂപം കൊടുത്തത്. സംസ്ഥാന ജനകീയാസൂത്രണ ബോർഡ് പുനഃസംഘടിപ്പിച്ച് ഈ പുതിയ ആശയം നടപ്പിലാക്കാൻ ശ്രമിച്ചു. ഈ ജനകീയാസൂത്രണ പദ്ധതി രാജ്യത്തിനും ലോകത്തിനും മാതൃകയായി തീർന്നു. സംസ്ഥാന വിഹിതത്തിന്റെ 35 മുതൽ 40  ശതമാനം വരുന്ന തുക പ്രാദേശിക സർക്കാരുകൾക്ക് നൽകുന്നതിനുള്ള തീരുമാനം നായനാരുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൈകൊള്ളുകയുണ്ടായി.

25 വർഷം പുറകോട്ട് നോക്കുമ്പോൾ കേരളത്തിന്റെ സാമ്പത്തികവികസനത്തിന് ജനകീയാസൂത്രണം വഹിച്ച പങ്ക് അമൂല്യമാണ്. സ്ത്രീ ശാക്തീകരണം ജനകീയാസൂത്രണത്തിന്റെ

പ്രധാനപ്പെട്ട നേട്ടങ്ങളിൽ ഒന്നാണ്. മൂന്നിലൊന്ന് ജനപ്രതിനിധികൾ സ്ത്രീകളായിരിക്കണമെന്ന തീരുമാനത്തെത്തുടർന്ന് ജനപ്രതിനിധികളുടെ എണ്ണത്തിൽ 50% സ്ത്രീകളായിരിക്കണമെന്ന ഭേദഗതിയും കേരളത്തിൽ സ്ത്രീ ശാസ്ക്തീകരണത്തിന് ശക്തി കൂട്ടി. ഇതിന് സമാന്തരമായി കുടുംബശ്രീ സംവിധാനത്തെ ശക്തിപ്പെടുത്താനും നടപടികളാരംഭിച്ചു. ഏഷ്യയിലെ തന്നെ ഏറ്റവും വലി സ്ത്രീ ശാക്തീകരണ പ്രസ്ഥാനമായി ഇന്ന് കുടുംബശ്രീ മാറി. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് നിർബന്ധിതമായ പദ്ധതി വകയിരുത്താൻ ജനകീയാസൂത്രണത്തിലൂടെ സാധിച്ചു. പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, സ്ത്രീകൾ, ഭിന്നശേഷിക്കാർ എന്നിവർക്ക് നിശ്ചിതമായ തുക മാറ്റിവെക്കുന്ത് പദ്ധതി നടത്തിപ്പിന്റെ അനിവാര്യതയായിത്തീർന്നു. പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും മോണിറ്ററിംഗിലും ജനകീയ പങ്കാളിത്തം ജനകീയാസൂത്രണപദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഗുണവിശേഷമായിരുന്നു. ജനകീയാസൂത്രണ പദ്ധതി പ്രവർത്തനത്തിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ജനങ്ങളുടെയും ഒരു കൂട്ടായ്മ രൂപപ്പെട്ടു. സാർവ്വത്രികമായ അഴിമതി നമ്മുടെ രാജ്യത്തിന്റെ ഒരു പ്രത്യേകതയാണെങ്കിലും ജനകീയാസൂത്രണത്തിന്റെ സോഷ്യൽ ഓഡിറ്റിംഗിൽ കൂടി ഈ വിപത്തിനെ കുറച്ചുകൊണ്ടുവരുവാൻ ജനകീയ ഇടപെടലിലൂടെ കഴിഞ്ഞു.

ജനകീയാസൂത്രണത്തിൽ കേരളം രാജ്യത്തിനാകെ മാതൃകയായി കൊണ്ടും ഇതിനകം തന്നെ ലോകശ്രദ്ധ പിടിച്ചു പറ്റിയിരിക്കുകയാണല്ലോ. നമ്മുടെ രാഷ്ട്രപിതാവിന്റെ 'ഗ്രാമസ്വരാജ്'അധികാരം താഴെതട്ടിലേക്ക് എന്നസങ്കല്പം നമുക്ക് യാഥാർത്ഥ്യമാക്കാൻ സാധിച്ചു. ഇത് കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ അഭിമാനകരമായ നേട്ടം തന്നെയാണ്. 73, 74 ഭരണഘടനാ ഭേദഗതിയുടെ പിൻബലമുണ്ടായിട്ടും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങൾക്കൊന്നും തന്നെ ഈ കാര്യത്തിൽ ഒട്ടും തന്നെ മുന്നേറാൻ സാധിച്ചിട്ടില്ല എന്ന കാര്യം അറിയുമ്പോഴാണഅ ഈ രംഗത്തെ നമ്മുടെ നേട്ടത്തിന്റെ തിളക്കമേറുന്നത്. ഇവിടെ നമുക്ക് അധികാര വികേന്ദ്രീകരണങ്ങൾ ആസൂത്രണത്തിലുള്ള രാഷ്ട്രീയ വിവേകവും ഇച്ഛാശക്തിയുമാണ് വളരെ പ്രധാനം. ജനകീയാസൂത്രണം എന്ന പേരിൽ നടപ്പിലാക്കിയ ഒൻപതാം പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ 1996 ൽ തന്നെ നാം ആരംഭിച്ചിരുന്നു. പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരു തദ്ദേശീയ സ്വയംഭരണ സ്ഥാപനത്തിന്റെ വികസന പ്രവർത്തനങ്ങൾ വിശദമായി പ്രതിപാദിക്കുന്ന വികസനരേഖ ഒൻപതാം പദ്ധതിക്കാലത്ത് ആദ്യമായി തയ്യാറാക്കുമ്പോൾ നാം നടത്തിയ പാഠങ്ങളും അന്വേഷണങ്ങളും വിവരശേഖരണവും വളരെയധികം ജനകീയമായിരുന്നു. അന്ന് ഞങ്ങളുടെ മുമ്പിൽ ഒരു മാതൃക ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് അഞ്ച് പഞ്ചവത്സര പദ്ധതികളുടെ അനുഭവവും അതിന് വേണ്ടി കഴിഞ്ഞ കാലങ്ങളിൽ നടത്തിയ തയ്യാറെടുപ്പുകളും അതിന്റേതായ കുറെ രേഖകലും അനുഭവങ്ങളും മാതൃകയായി ഉണ്ട്. ആയതിനാൽ 25 വർഷത്തെ പ്രവർത്തനങ്ങളുടെ ആകെ അനുഭവങ്ങൾ ഇന്ന് മാതൃകയായി ഉണ്ട്. ആയതിനാൽ കഴിഞ്ഞ കാൽനൂറ്റാണ്ടുകാലത്തെ ആകെ അനുഭവങ്ങൾ കൂട്ടിച്ചേർത്ത് ഒന്ന് പരിഷ്ക്കരിക്കുക. ഒരു പുതിയ വികസനരേഖ ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ തയ്യാറാക്കുക എന്നതാണ് നമ്മുടെ ഇന്നത്തെ പ്രധാന കടമ. ഇത് വളരെ പ്രധാന

പ്പെട്ട ഒരു കാര്യമാണ്. ജനകീയാസൂത്രണ പദ്ധതികളുടെ അടിത്തറയിലാണ് കഴിഞ്ഞ അഞ്ച് പഞ്ചവത്സര പദ്ധതിക്കാലത്തും കോട്ടയം ഗ്രാമപഞ്ചായത്തിൽ വികസനരംഗത്ത് വമ്പിച്ച മുന്നേറ്റം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വികസനരേഖക്കകത്ത് കഴിഞ്ഞ 5 തവണ വിവിധ വിഷയമേഖലകളിലായി നാം ചൂണ്ടിക്കാട്ടിയ പ്രശ്നങ്ങളിൽ പലതും പരിഹരിക്കുന്ന തിനും പ്രശ്നങ്ങളുടെ ലഘൂകരണത്തിൽ ഏറെ മുന്നോട്ട് പോകുന്നതിനും കഴിഞ്ഞു. സ്വാഭാവി കമായും അന്ന് നാം കണ്ടെത്തിയതും പുതിയതുമായ പ്രശ്നങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. കഴിഞ്ഞ പദ്ധതിക്കാലങ്ങളിൽ നടത്തിയ ഇടപെടലുകളും നേട്ടങ്ങളും ആസ്തികളുടെ പരിശോധനയും നടത്തുന്നത് പതിനാലാം പഞ്ചവത്സര പദ്ധതിക്ക് അത്യന്താപേക്ഷിതമാണ്.

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട്പതിമൂന്ന് വർക്കിംഗ് ഗ്രൂപ്പുകൾ പഞ്ചായത്തിന കത്ത് രൂപീകരിക്കപ്പെട്ടിട്ടുണ്ട്.ഇത് പതിനാലാം പഞ്ചവത്സര പദ്ധതി രൂപീകരണത്തിന്റെ ഏറ്റവും പ്രധാനമായ ചുമതല ഏറ്റെടുത്ത് പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്ത് മെമ്പർമാർ , ചെയർമാൻ മേഖലയിലെ സീനിയർ ഉദ്യോഗസ്ഥർ കൺവീനർ എന്ന നിലയിൽ രൂപീകരിച്ച സമിതികൾ മുൻകാല സന്നദ്ധ പ്രവർത്തകരെയും എല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ തല ശ്ശേരി താലൂക്കിൽ സമുദ്രനിരപ്പിൽ നിന്ന് 10 കി.മീ മാറി കിഴക്കോട്ട് സഞ്ചരിച്ചാൽ കാർഷിക പ്രാധാന്യമുള്ള ഭൂപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഉൾനാടൻ സമതല പ്രദേശമാണഅ കോട്ടയം ഗ്രാമപഞ്ചായത്ത്. തലശ്ശേരി, കൂത്തുപറമ്പ് നഗരസഭകൾക്കിടയിൽ കതിരൂർ ഗ്രാമപ ഞ്ചായത്തിനോട് ചേർന്ന് ഈ പഞ്ചായത്ത് നിലകൊണ്ട് 8.43 ചതുരശ്ര കിലോമീറ്റർ വിസ്തീർണം മാത്രമാണ് ഈ പഞ്ചായത്തിനുള്ളത്. ഇന്നത്തെ തലശ്ശേരി താലൂക്കിൽ ഉൾപ്പെടുന്ന ഈ പ്രദേശം തലശ്ശേരി താലൂക്ക് രൂപപ്പെടുന്നതിന് മുമ്പ് പഴയ മലബാർ ജില്ലയിലെ ചിറക്കൽ താലൂക്കിനോട് ചേർന്ന് കിടക്കുന്ന കോട്ടയം താലൂക്കിന്റെ ആസ്ഥാനമായിരുന്നു. 2011 ലെ സെൻസസ് രേഖകൾ പ്രകാരം 21265ആണ് ഇവിടുത്തെ ജനസംഖ്യ. അതിൽ 10657 സ്ത്രീകളും 10608 പുരുഷന്മാരും ഉൾപ്പെടുന്നു. നേരത്തെ ദീർഘകാലം തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിലായിരുന്ന കോട്ടയം ഗ്രാമപഞ്ചായത്ത് 2010 മുതൽ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗമാണ്. 5576 വീടുകളി ലായി മേൽ പറഞ്ഞ ജനസംഖ്യ ഉള്ള ഈ ഗ്രാമപഞ്ചായത്തിൽ 14 നിയോജകമണ്ഡലങ്ങളാണ് ഉള്ളത്.ഇതിൽ 7 എണ്ണം വനിതാ സംവരണവും 1 എണ്ണം പട്ടികജാതി സംവരണവുമാണ്.

ഈ ഗ്രാമപഞ്ചായത്തിൽ പ്രധാനമായും 2 നീർത്തടങ്ങളാണ് ഉള്ളത്. ഇതിൽ തെങ്ങ്, കവുങ്ങ്, കുരുമുളക്, നേന്ത്രവാഴ, മരച്ചീനി, കശുമാവ് എന്നിവ കൃഷി ചെയ്തുവരുന്നു. കേവലം 2 1/2 ഹെക്ടർ സ്ഥലത്ത് മാത്രമാണ് നെൽകൃഷി ചെയ്തു വരുന്നത്. വിലത്തകർച്ചയും തൊഴിലാ ളികളുടെ അഭാവവും കാർഷികമേഖലയിലെ വളം സബ്സിഡികളുടെ അഭാവം നാളീകേര കൃഷിക്ക് വെല്ലുവിളിയാണ്. നെൽ വയലുകളുടെ ദുർവിനിയോഗം തകർച്ചക്കും ഉല്പാദനക്കുറ വിനും കാരണമായിട്ടുണ്ട്.

73, 74 ഭരണഘടന ഭേദഗതിയോടെ പഞ്ചായത്തീരാജ് നിയമത്തെ അടിസ്ഥാനപ്പെടുത്തി കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്ന അധി കാരവികേന്ദ്രീകരണവും പ്രാദേശിക ആസൂത്രണവും സൃഷ്ടിച്ച പുതിയ വികസന രാഷ്ട്രീയ

സംസ്ക്കാരം ജനങ്ങൾ സ്വീകരിച്ചതിന്റെ വിജയഗാഥയാണ് 25 വർഷക്കാലത്തെ അനുഭവം വെച്ച് കോട്ടയം ഗ്രാമപഞ്ചായത്തിന് അഭിമാനത്തോടെ പറയാനുള്ളത്. ഈ ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ കാലത്തിനുള്ളിൽ കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങളെ അണിനിരത്താൻ കഴിഞ്ഞു എന്നുള്ളതും ശ്രദ്ധേയമാണ്. ഒട്ടനവധി സാധാരണക്കാരായ കർഷകരും തൊഴിലാളി കളും സർക്കാർ ജീവനക്കാരും അതത് വിഷയവിദഗ്ധരും അവരുടെ സേവന സംഭാവന നൽകി യാണ് ഈ നേട്ടങ്ങൾ ഉണ്ടാക്കിയത്. ജനപങ്കാളിത്ത വികസനത്തിൽ ഒരു വലിയ മുന്നേറ്റം ഉണ്ടാ ക്കാൻ ഈ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. അധികാരവികേന്ദ്രീകരണവും പ്രാദേശി ആസൂ ത്രണവും ആരംഭിച്ചതിനു ശേഷം 9, 10, 11, 12, 13 എന്നീ അഞ്ച് പഞ്ചവത്സര പദ്ധതികളിലൂടെ മുൻകാലങ്ങളിൽ 10 വർഷം 9, 10 പദ്ധതി കാലത്ത് ശ്രീ. എം. മോഹനന്റെയും 5 വർഷം 11-ാം പദ്ധ തിക്കാലത്ത് ശ്രീമതി പി. ജാനകിടീച്ചറുടെയും 5 വർഷം 12-ാം പദ്ധതിക്കാലത്ത് ശ്രീ. കെ.പി. നസീ റിന്റെയും 5 വർഷം 13-ാം പദ്ധതിക്കാലത്ത് ശ്രീമതി ടി. ഷബ്നയുടെയും നേതൃത്വത്തിൽ രൂപീക രിക്കപ്പെട്ട് കോട്ടയം ഗ്രാമപഞ്ചായത്ത് ഭരണസമിതി വളരെ അഭിമാനാർഹമായ നേട്ടമാണ് കൈവ രിച്ചത്. തുടർന്ന് 14-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ശ്രീ. സി. രാജീവന്റെ നേതൃത്വത്തിൽ രൂപീക രിക്കപ്പെട്ട ഭരണസമിതി വികസന പ്രവർത്തനങ്ങളുടെ തുടർച്ച ഏറ്റെടുത്ത് ജനങ്ങളുടെ പ്രതീക്ഷ യ്ക്കൊത്ത് പ്രവർത്തിച്ചുവരികയാണ്. ഈ തുടർച്ച കൂടുതൽ കരുത്തോടെ ഇനിയും ജനകീയ സഹകരണത്തോടെ തുടർന്ന് പോകേണ്ടതുണ്ട്. അതുകൊണ്ട് തന്നെ കഴിഞ്ഞ 5 പഞ്ചവത്സര പദ്ധതിക്കാലത്തെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ആസൂത്രണത്തിന്റെ എല്ലാവിധ നേട്ട ങ്ങളും കോട്ടങ്ങളും പ്രശ്നങ്ങളും സാദ്ധ്യതകളും 14-ാം പഞ്ചവത്സര പദ്ധതിയുടെ പാഠങ്ങളുടെ വിശകലനം ഉൾപ്പെടുത്തിയാണ് ഈ വികസനരേഖയും പുതിയ വികസനതന്ത്രവും സമീപ നവും 14-ാം പഞ്ചവത്സരപദ്ധതിയുടെ മാർഗ്ഗരേഖയുമായി നമ്മുടെ മുന്നിൽ നിൽക്കുന്നത്. കോട്ടയം ഗ്രാമപഞ്ചായത്തിൽ 13 പ്രവർത്തന കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടാണ് 14-ാം പദ്ധതി യുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ആ പ്രവർത്തനകമ്മിറ്റികളുടെ ജനറൽബോഡികൾ ചേർന്നുകൊണ്ട് ഗ്രാമപഞ്ചായത്തിനെയാകെ ഒരൊറ്റ യൂണിറ്റായി കണ്ടുകൊണ്ട് അടുത്ത 5 വർഷ ക്കാലത്തെ ഹ്രസ്വകാല വികസന കാഴ്ചപ്പാടും ദീർഘകാല വികസന പരിപ്രേക്ഷ്യവും പ്രത്യേകം പ്രത്യേകം ഗ്രൂപ്പുകളായി ഇരുന്ന് പദ്ധതി ആശയങ്ങൾ ഉൾപ്പെടെ ഇരുന്ന് ചർച്ച ചെയ്ത് തീരുമാനി ക്കുകയും അത് സ്റ്റാറ്റസ് റിപ്പോർട്ടായും വികസനരേഖയായും കരട് തയ്യാറാക്കി പദ്ധതി ആസൂ ത്രണ ഗ്രാമസഭകളിലേക്കും വികസന സെമിനാറിലേക്കും അവതരിപ്പിക്കാനും ഈ കരട് രേഖ യാക്കി മാറ്റാനും തുടർന്ന് ഗ്രാമസഭകളിൽ നിന്നും സെമിനാറിൽ നിന്നും വരുന്ന തിരുത്തലു കളും പ്രമേയങ്ങളും സ്റ്റേക്ക് ഹോസർമാരുടെ നിർദ്ദേശങ്ങളും എല്ലാം ക്രോഡീകരിച്ച് ഓരോ വിഷയത്തിന്റെയും മുൻഗണന ലിസ്റ്റ് ക്രമം അനുസരിച്ച് തയ്യാറാക്കി ക്രോഡീകരിച്ച് അന്തിമമാ ക്കാനും തീരുമാനിച്ചു.

പതിനാലാം പഞ്ചവത്സര പദ്ധതിക്ക് നിലവിലുള്ള വികസന രേഖ തയ്യാറാക്കുക എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. 9,10,11,12,13 പദ്ധതിക്കാലത്ത് കോട്ടയം ഗ്രാമപഞ്ചായത്തിൽ മുകളിൽ സൂചിപ്പിച്ചതുപോലെ പ്രാദേശിക വികസന രംഗത്ത് വമ്പിച്ച മുന്നേറ്റം കൈവരിക്കാന്

കഴിഞ്ഞിട്ടുണ്ട്. വികസനരേഖകളിൽ വിവിധ മേഖലകളിൽ നാം ചൂണ്ടിക്കാട്ടിയ വിഷയങ്ങളിൽ പല പ്രശ്നങ്ങളും പരിഹരിക്കാനും പ്രശ്നങ്ങളുടെ ലഘൂകരണത്തിൽ ഏറെ മുന്നോട്ട് പോകാനും കഴിഞ്ഞു. സ്വാഭാവികമായും കഴിഞ്ഞ 25 വർഷക്കാലത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ നാം കണ്ടെത്താത്തതും പുതിയതുമായ പ്രശ്നങ്ങളും ഇപ്പോഴും പുതിയ രൂപത്തിൽ ഉയർന്നു വരുന്നുണ്ട്. കഴിഞ്ഞ പദ്ധതിക്കാലയളവിൽ നടത്തിയ ഇടപെടലുകളും നേട്ടങ്ങളും കോട്ടങ്ങളും ആസ്തികളും പരിശോധന നടത്തുന്നത് ഈ പഞ്ചവത്സര പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ വളരെ അത്യന്താപേക്ഷിതമാണ്. പ്രവർത്തന കമ്മിറ്റികളുടെ നേതൃത്വത്തിൽ ഓരോ വിഷയമേഖലയുടെയും ഇന്നത്തെ പൊതുസ്ഥിതി സംബന്ധിച്ച് രേഖ തയ്യാറാക്കാണ്ടേതിനും വിവരശേഖരണവും കഴിഞ്ഞ പദ്ധതിക്കാലത്തെ ആസ്തി പരിശോധനയും സ്വതന്ത്രമായി നടത്തുന്നതിനും ഓരോ വിഷയഗ്രൂപ്പിനും സാധിച്ചിട്ടുണ്ട്. കൈവരിച്ച നേട്ടങ്ങൾ ഉറപ്പിക്കുന്നതിനും ഇനിയും ബാക്കിയായ വിവിധ മേഖലകളിലെ വികസന പ്രവർത്തനങ്ങൾക്ക് പരിഹാരം കാണുന്നതിനും ഹ്രസ്വകാല ദീർഘകാല കാഴ്ചപ്പാടും സമീപനങ്ങളും തന്ത്രങ്ങളും നയങ്ങളും ഈ വികസനരേഖയിലും കൃത്യമായി ഉൾപ്പെടുന്നുണ്ട്. സാമൂഹിക നീതിയും പ്രാദേശിക വികസനവും സാധ്യമാക്കാനും ഉല്പാദനമേഖലയുടെ സ്ഥായിയായ വളർച്ച, പരിസ്ഥിതി പ്രകൃതിവിഭവങ്ങളുടെ സംരക്ഷണം, ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടം, കുടിവെള്ളം, ശുചിത്വം, മാലിന്യ പരിപാലനം, ആശുപത്രി, അങ്കണവാടികൾ, സ്കൂളുകൾ തുടങ്ങിയ സേവന പ്രധാന സംവിധാനങ്ങൾ, പുതിയ ആസ്തികൾ സൃഷ്ടിക്കൽ, നിലവിലുള്ള ആസ്തികളുടെ സംരക്ഷണം, തുടങ്ങിയ സാമ്പത്തിക വികസനത്തിനും സാമൂഹിക നീതിക്കും വേണ്ടി വികസന പദ്ധതികൾ തയ്യാറാക്കുക എന്ന കടമ ഈ ഭരണസമിതി സന്തോഷപൂർവ്വം അഭിമാനത്തോടെ തന്നെ ഏറ്റെടുക്കുന്നു.

കുടുംബശ്രീ പദ്ധതിയുടെ നടത്തിപ്പിനും പ്രാധാന്യം നൽകി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സ്ത്രീകളുടെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും, സ്ത്രീ മുന്നേറ്റത്തിനും വേണ്ടി ഗ്രാമപഞ്ചായത്ത് തുടർന്നും പ്രവർത്തിക്കും. പതിനാലാം പഞ്ചവത്സരപദ്ധതി ഒരു പുതിയ പരിഷ്ക്കരണ പദ്ധതി എന്ന നിലയിൽ നിലവിലുള്ള സംവിധാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും ഈ വികസനരേഖ വിഭാവനം ചെയ്യുന്നു. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസനരംഗത്ത് വമ്പിച്ച നേട്ടങ്ങൾ കൈവരിക്കുന്നതിനുള്ള ഒരു വികസന പരിപ്രേക്ഷ്യം മുന്നോട്ട് വഹിക്കുകയാണ് ഈ രേഖ തയ്യാറാക്കുന്നതിൽ അക്ഷീണം പരിശ്രമിച്ച എല്ലാ ആസൂത്രണ പ്രവർത്തകരെയും നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് കോട്ടയം ഗ്രാമപഞ്ചായത്തിന്റെ വികസന രേഖ ജനങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതിക്കുള്ള വികസന പരിപ്രേക്ഷ്യം എന്നതിലുപരി നമ്മുടെ ഗ്രാമപഞ്ചായത്തിലെ വിലയേറിയ ഭാവികാല വികസന ചരിത്രരേഖ കൂടിയായി ഈ വികസന രേഖ പരിഗണിക്കട്ടെ എന്ന് ആഗ്രഹിച്ചുകൊണ്ട് ഈ രേഖ നിങ്ങളുടെ മുമ്പാകെ അഭിമാനത്തോടെ സമർപ്പിക്കുന്നു.

# ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും

പതിനാലാം പഞ്ചവത്സര പദ്ധതി നവകേരളത്തിന് ജനകീയാസൂത്രണം എന്നും ഹരിതകേരളം, ലൈഫ്, ആർദ്രം, വിദ്യാകിരണം എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ വിവിധ മിഷനുകളുമായി സംയോജിപ്പിച്ച് അധികാര വികേന്ദ്രീകരണം സ്ഥാപിക്കുന്നതിനും ഉല്പാദനമേഖല ശക്തിപ്പെടുത്തുന്നതിനും സംസ്ഥാനത്ത് ലക്ഷ്യമിടുന്നുണ്ട്. ഇതു കൂടാതെ അതിദരിദ്രരെ കണ്ടെത്തുകയും ആരും തുണയില്ലാത്ത അവശരായ ജനങ്ങൾക്ക് വാതിൽപ്പടി സേവനവും ലക്ഷ്യമിടുന്നു. അതോടൊപ്പം തൊഴിലില്ലായ്മ എന്ന പഴയ അവസ്ഥക്ക് പരിഹാരമുണ്ടാക്കാൻ എന്റെ തൊഴിൽ എന്റെ അഭിമാനം എന്ന പദ്ധതിയിലൂടെ സാധ്യമായ എല്ലാ മേഖലയിലും സർക്കാർ ജോലി എന്നതിന് പുറമെ കാർഷികമഖലയിലുൾപ്പെടെ 5 വർഷംകൊണ്ട് 20 ലക്ഷം തൊഴിലവസരവും പതിനാലാം പദ്ധതി ലക്ഷ്യമിടുന്നു. അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് അവരുടെ പഠനരീതിക്കനുസരിച്ച് തൊഴിൽ ലഭ്യമാര്രാനും സർക്കാർ പരിശ്രമിക്കും. വികസന പ്രക്രിയ മുന്നോട്ട് പോകേണ്ടത് മണ്ണ്, ജല, ജൈവസംരക്ഷണ പ്രവർത്തിലൂടെയാണ്. ജല സ്രോതസ്സുകൾ സംരക്ഷിക്കാൻ കേരളം ഒന്നിക്കുകയാണ്. കാർഷികവൃത്തി കേരളീയന്റെ ശീലമാക്കി തിരികെ കൊണ്ടു വരണം. ഇതിനായി ജല സ്രോതസ്സുകൾ സംരക്ഷിക്കാൻ തെളിനീരൊഴുകും നവകേരളം എന്ന ഒരു പദ്ധതി തന്നെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എല്ലാ സ്ഥലത്തും നടത്തി വരുന്നു. ഇത് കൂടാതെ വിഷമില്ലാത്ത പച്ചക്കറികൾ ലഭ്യമായ സ്ഥലങ്ങളിൽ അനുയോജ്യമായ രീതിയിൽ ജൈവവളവും ജൈവകീടനാശിനിയും ഉപയോഗിച്ച് ഉല്പാദിപ്പിക്കാൻ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കണം. ഇതിലൂടെ മണ്ണിന്റെ പോഷകഗുണം വർദ്ധിപ്പിക്കണം.

പ്രകൃതിവിഭവങ്ങളുടെ സ്വാഭാവിക അതിരും പഞ്ചായത്തിന്റെ ഭരണപരമായ അതിരും തമ്മിലുള്ള വ്യത്യാസം വികസന പ്രവർത്തനങ്ങളുടെ സമഗ്ര ആസൂത്രണത്തിനും സുസ്ഥിരതയും തടസ്സമായി നിൽക്കുന്നത് ഒരു ഘടകമെണ്. പ്രകൃതിവിഭവങ്ങളുടെ അടിസ്ഥാന യൂണിറ്റായി നീർത്തടങ്ങളെ അടിസ്ഥാനമാക്കി കൃത്യമായി വിവരശേഖരണം നടത്തി ശാസ്ത്രീയ വിഭവ സംരക്ഷണവും പരിപാലനവും ലക്ഷ്യമിട്ട് സമഗ്രവികസന പദ്ധതികൾ ആവിഷ്ക്കരിക്കാനാണ് 2022-2027 പഞ്ചവത്സര പദ്ധതിക്കാലത്ത് കോട്ടയം ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നത്. ഈ കാര്യത്തിൽ ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും ചേർന്ന് സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം.

ഇതിന് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ് മണ്ണിനെയും മനുഷ്യനെയും പ്രകൃതിയെയും കൃത്യമായി പഠിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നുള്ളത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വന്നതോടുകൂടി ഇത്തരം പഠന റിപ്പോർട്ടുകളുടെയും നീർത്തടമാസ്റ്റർ പ്ലാനിന്റെയും അടിസ്ഥാനത്തിലാണ് കാർഷിക വൃത്തിയിലും ഭൂവിനിയോഗ പ്രവർത്തനത്തിലും ഇപ്പോൾ ഇടപെട്ടുകൊണ്ടിരിക്കുന്നത്. അത്കൊണ്ട് തന്നെ ഭൂപ്രകൃതിയുടെയും പാരിസ്ഥിതിക സവിശേഷതകളുടെയും അടിസ്ഥാനത്തിലുള്ള ഇടപെടലുകൾ വളരെ പരമപ്രധാനമാണ്താനും.

മണ്ണിനെയും ജലസ്രോതസ്സുകളെയും നവകരിച്ചും ശുദ്ധീകരിച്ച മാലിന്യങ്ങളെ ജൈവോർജ്ജമായും ജൈവ വളങ്ങളായും സംസ്ക്കരിച്ച് അതിന്റെ സാധ്യതകൾ കാർഷിക

മേഖലകളിൽ പ്രയോജനപ്പെടുത്തി ആരോഗ്യദായകരമായ കാർഷിക വിഭവങ്ങൾ സുലഭമാക്കാൻ ഈ കാലയളവിൽ ഹരിതകേരളമിഷനും, കാർഷികകർമ്മസേനയും നമ്മുടെ കൂടെയുണ്ട് എന്നുള്ളത് വളരെ ആശ്വകരമാണ്. കോട്ടയം റവന്യു വില്ലേജ് മാത്രം ഉൾക്കൊള്ളുന്ന 8.43 ച.കി. മീറ്റർ മാത്രം വിസ്തൃതിയുള്ളതും 14 ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലങ്ങളങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു പ്രദേശമാണ് കോട്ടയം ഗ്രാമപഞ്ചായത്ത്. 21265 ജനസംഖ്യയിൽ 10657 സ്ത്രീകളും 10608 പുരുഷന്മാരും 4841 വീടുകളിലായി ഇവിടെ അധിവസിക്കുന്നു.

കോട്ടയംമലബാർ നീർത്തടം എന്ന പേരിൽ പഞ്ചായത്തിന്റെ വടക്കെയറ്റത്ത് നിന്ന് തുടങ്ങി 1, 2, 3, 4, 5, 6, 11, 12, 13, 14 എന്നീ നിയോജകമണ്ഡലങ്ങൾ ഉൾപ്പെട്ട എരുവട്ടി വലിയതോട് എന്ന നീർത്തട പ്രദേശങ്ങൾ. ഇതിന്റെ ഭൂമിശാസ്ത്രപരമായ ഘടന വടക്ക് അക്ഷാംശം 12005000 നും 12004740 നും ഇടക്കും കിഴക്ക് രേഖാംശം 75003143നും 75003321 നും ഇടക്ക് രേഖപ്പെടുത്തിയിരിക്കുന്നു.

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിൽപെട്ട കോട്ടയം ഗ്രാമപഞ്ചായത്തിലെ ഏറ്റവും വലിയ നീർത്തടമായ കോട്ടയം മലബാർ നീർത്തടത്തിൽ മൗവ്വേരി, കിണവക്കൽ, പുറക്കളം, കോട്ടയംഅങ്ങാടി, കോട്ടയംചിറ, തള്ളോട്, കൂവ്വപ്പാടി, മംഗലോട്ടുംചാൽ,. ഓലായിക്കര, കാനത്തുംചിറ, കോട്ടയംപൊയിൽ എന്നീ പ്രദേശങ്ങളാണ് ഉൾപ്പെടുന്നത്. ഈ നീർത്തടത്തിന്റെ ആകെ വിസ്തീർണ്ണം 651.19 ഹെക്ടർ ആണ്. വടക്ക് വേങ്ങാട്, മാങ്ങാട്ടിടം പഞ്ചായത്തുകളും തെക്ക് എരുവട്ടി വലിയതോട് നീർത്തട പ്രദേശവും കിഴക്ക് കൂത്തുപറമ്പ് നഗരസഭയും പടിഞ്ഞാറ് പിണറായി ഗ്രാമപഞ്ചായത്തുമാണ് നീർത്തടപ്രദേശത്തിന്റെ അതിരുകൾ. ഈ നീർത്തടത്തിലെ ഉയർന്ന ഭൂപ്രദേശത്തിന്റെ അതിരുകൾ. ഈ നീർത്തടത്തിലെ ഉയർന്ന ഭൂപ്രദേശങ്ങൾ, നീരുന്നിപ്പറമ്പ്, മൗവ്വേരി ലക്ഷംവീട് കോളനി, അഞ്ചാംകുന്ന്, കിളച്ചപറമ്പ് എന്നിവയാണ്. ബാക്കി മുഴുവൻ പ്രദേശങ്ങളും സമതലമാണ്. ഈ നീർത്തടത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ ചെങ്കൽ മണ്ണും സമതലങ്ങളിൽ കളിമണ്ണും പൂഴിയും ചേർന്ന മണ്ണും പൊതുവെ കാണപ്പെടുന്നു.

എരുവട്ടി വലിയതോട് നീർത്തടത്തിൽ എരുവട്ടി, പൂളബസാർ, സുധീഷ്നഗർ, ആറാം മൈൽ പ്രദേശങ്ങളാണ് ഉൾക്കൊള്ളുന്നത്. വടക്ക് എരുവട്ടി വലിയതോട് പ്രദേശങ്ങളും തെക്ക് പൂളബസാറും കിഴക്ക് കൂത്തുപറമ്പ് നഗരസഭയും പടിഞ്ഞാറ് പിണറായി ഗ്രാമപഞ്ചായത്തുമാണ് അതിരിടുന്നത്. ഈ നീർത്തടത്തിൽ കുറ്റേരിക്കുന്ന്, കാരക്കുന്ന്, ബത്തേരിക്കുന്ന്, കണ്ണോളിത്തോട് പ്രദേശങ്ങൾ ഉയർന്ന പ്രദേശങ്ങളും എരുവട്ടി, ആറാംമൈൽ പ്രദേശങ്ങൾ സമതലവുമാണ്.

ഈ രണ്ട് നീർത്തടങ്ങളിലെയും പ്രധാന കൃഷി നാളികേരമാണ്. ഇടവിളയായി, നെല്ല്, കവുങ്ങ്, പച്ചക്കറി, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, ചേന, ചേമ്പ്, മരച്ചീനി എന്നിവയും കൃഷി ചെയ്തു വരുന്നു. 2 1/2 ഹെക്ടർ സ്ഥലത്ത് മാത്രമാണ് നെൽകൃഷിയുള്ളത്. കുന്നിൻപ്രദേശങ്ങളിൽ കശുമാവ് കൃഷി ചെയ്തു വരുന്നുണ്ട്. പഴയ നെൽ വയലുകൾ പലതും ഇപ്പോൾ കരപ്പറമ്പുകളായി മാറി. ഇവിടങ്ങളിൽ നേന്ത്രവാഴയും മറ്റും കൃഷി ചെയ്തു വരുന്നു.

4.414 ഹെക്ടർ വിസ്തീർണ്ണമുള്ള കോട്ടയംചിറയും എരുവട്ടി വലിയതോടും പ്രധാനപ്പെട്ട ജലസ്രോതസ്സുകളാണ്. കൂടാതെ ചെറുതും വലുതുമായി കുറെ കുളങ്ങളും, കുന്നുകളും തോടുകളും വേറെയും ഉണ്ട്. ഇവിടെ കൃഷി തീരെ ലാഭകരമല്ല. വർദ്ധിച്ച കൂലിയും തൊഴിലാളികളുടെ അഭാവവും പാടങ്ങൾ നികത്തുന്നതും ഇതിനൊക്കെ കാരണമാണ്. പച്ചക്കറി കൃഷി ശാസ്ത്രീയമായിട്ടല്ലാത്തതിനാൽ വിളകൾ നശിച്ചുപോകുന്നു. തെങ്ങ്കൃഷിയിൽ തേങ്ങയിടാൻ ആളുകളെ ലഭിക്കാത്തതും ഉല്പാദനക്കുറവും കടുത്ത പ്രതിസന്ധി സൃഷ്ടിക്കുന്നു. ജൈവവളത്തിന്റെ ലഭ്യതക്കുറവും രാസവളത്തിന്റെ വിലക്കയറ്റവും ജലസേചന സൗകര്യത്തിന്റെ ആവശ്യകതയും വളരെ പ്രധാന പ്രശ്നങ്ങളാണ്. സൗജന്യ വിത്ത് വിതരണവും സബ്സിഡി അടിസ്ഥാനത്തിൽ വളവും മനുഷ്യാധ്വാനവും ലഭ്യമാക്കുക എന്നതാണ് ഇതിന് ഒരു പരിഹാരമാർഗ്ഗം. തൊഴിലാളികളുടെ അഭാവം പരിഹരിക്കാൻ യന്ത്രങ്ങളുടെ സഹായവും, തൊഴിലുറപ്പ്, കാർഷിക കർമ്മസേന, കുടുംബശ്രീ സംവിധാനങ്ങളുടെ നിരന്തരമായ സാഹയവും ലഭ്യമാക്കണം. രോഗകീട നശീകരണങ്ങളെക്കുറിച്ച് കൃത്യമായ പരിശീലനം നൽകേണ്ടതാണ്. ഉല്പാദനശേഷി കുറഞ്ഞതും രോഗം ബാധിച്ചതുമായ തെങ്ങുകളും കവുങ്ങുകളും മുറിച്ചുമാറ്റി പുതിയ കൃഷിരീതി അവ ലഭിക്കേണ്ടതുണ്ട്. ജസേചന സൗകര്യങ്ങളും, കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് എന്നിവ സ്ഥാപിക്കുന്നതിനും മുൻഗണന നൽകണം. ജെ.സി.ബി. ഉപയോഗിച്ച് കുന്നുകൾ ഇടിച്ചുനിരത്തി വയലുകൾ നികത്തുന്നത് കർശനമായി നിരോധിക്കേണ്ടതാണ്. ഒരുപാട് പരിസ്ഥിതി പ്രശ്നങ്ങൾ ഇത് മൂലം ഉണ്ടാകുന്നു. തോടുകളിൽ താല്ക്കാലിക തടയണകൾ ഉണ്ടാക്കുകയും എരുവട്ടി വലിയതോട് പൂർണ്ണമായും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുകയും വേണം. 50 % സബ്സിഡിയിൽ ജലസേചന സൗകര്യത്തിന് ഉപകരണങ്ങൾ ഗ്രൂപ്പ് അടിസ്ഥാനത്തിലോ, വ്യക്തികൾക്കോ ഇനിയും നൽകികൊണ്ട് ജലസേചനം മെച്ചപ്പെടുത്തണം. പ്ലാസ്റ്റിക് മാലിന്യങ്ങൾ പൂർണ്ണമായും നീക്കം ചെയ്യുന്ന പ്രവർത്തി തുടരണം. മണ്ണൊലിപ്പ് തടയാൻ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. മൃഗപരിപാലനത്തിൽ എ.പി.എൽ, ബി.പി.എൽ ഇല്ലാതെ 100% സബ്സിഡി നൽകി മൃഗപരിപാലനം വർദ്ധിപ്പിക്കാൻ പ്രോത്സാഹനം നൽകണം. മൃഗസംരക്ഷണപ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി ഒരു നയം രൂപപ്പെടുത്തണം. ഇവർക്ക് തൊഴിലുറപ്പ് കൂലി നൽകാൻ സംവിധാനമുണ്ടാകണം. തീറ്റപ്പുൽ കൃഷിയും സങ്കരയിനം കന്നുകാലികളെയും ലഭ്യമാക്കണം.

പാലുല്പാദനം വർദ്ധിപ്പിച്ചുകൊണ്ട് ഈ മേഖലയിൽ ശാസ്ത്രീയമായ ഇടപെടലുകൾ ഉണ്ടാക്കണം. ഇതിനായി ക്ഷീരസംഘങ്ങൾ പഞ്ചായത്തുമായി ചേർന്ന് സഹകരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യണം. ഉയർന്ന പ്രദേശങ്ങളിൽ കോണ്ടൂർ ബണ്ടുകൾ കൈപ്പാലങ്ങൾ നിർമ്മിക്കുകയും ഇതിന് പുറമെ മണ്ണ്ജല സംരക്ഷണ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിന് സാമൂഹ്യവനവൽക്കരണ പരിപാടികൾ നടപ്പിലാക്കുകയും കാർഷിക മേഖലയിൽ പ്രത്യേകിച്ച് പാടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും വേണം. മൃഗപരിപാലനത്തിൽ ഒരു നൂതന സംവിധാനം എന്ന നിലയിൽ ആവശ്യമായ പരിശീലനവും ബോധവൽക്കരണവും വേണം.

സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനവും ലഭ്യമാക്കേണ്ടതാണ്.

ഈ രണ്ട് നീർത്തടങ്ങളിലെയും പരിസ്ഥിതി സംരക്ഷണത്തിന് ഏറ്റവും വലിയ ഭീഷണിയാണ് കുന്നിടിക്കലും വയൽനികത്തലും. ഇതിന് പുറമെ എത്രയോ വർഷങ്ങളായി നിലനിന്നിരുന്ന തോടുകളും കുളങ്ങളും വയലുകളും മണ്ണിട്ടു നികത്തുന്നത് വളരെ അപകടകരമാണ്. ഇത് നമ്മുടെ ഭൂഗർഭജല സംവിധാനം താഴ്ത്തുന്നതിനും കുടിവെള്ളക്ഷാമം രൂക്ഷമാക്കുന്നതിനും നമ്മുടെ ജലസ്രോതസ്സുകൾ നശിപ്പിക്കുന്നതിനും കാരണമായിട്ടുണ്ട്. ഇത് നീർത്തട കാർഷികവിളകളുടെ തകർച്ചയ്ക്കും നാശത്തിനും കാരണമാകുന്നു. ഇത്തരം പരിസ്ഥിതി നശീകരണം തടയുന്നതിനും അവസാനിപ്പിക്കുന്നതിനും ഫലപ്രദമായ ഇടപെടലുകളും നിയമനടപടികളും വളരെ അടിയന്തിരമായും കൈകൊള്ളേണ്ടതാണ്.

കേരളത്തിന്റെ ജൈവ പ്രകൃതിയെ മുഴുവൻ നന്മയോടെ തലമുറയ്ക്ക് കൈമാറാൻ നമുക്ക് പ്രയത്നിക്കാം. പദ്ധതിയിലൂടെ വൃത്തിയിലേക്ക് എന്നത് ഒരു സ്വപ്നം മാത്രമല്ല. പ്രതീക്ഷ മാത്രമല്ല, ഇച്ഛാശക്തിയോടെ, ഒറ്റ മനസ്സോടെ പ്രവർത്തിച്ചു നേടാൻ കഴിയുന്ന മഹത്തായ ലക്ഷ്യമാണ്. ഒരു നവകേരളം സൃഷ്ടിക്കാൻ നമുക്ക് ഒന്നിക്കാം.

## ജനസംഖ്യ

കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിൽ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന കോട്ടയം ഗ്രാമപഞ്ചായത്തിൽ കോട്ടയം റവന്യൂ വില്ലേജ് മാത്രമാണുള്ളത്. 8.43$Km^2$ വിസ്തൃതിയുള്ള ഈ ഗ്രാമപഞ്ചായത്തിൽ 4871 വീടുകളിൽ 21263 ആണ് ജനസംഖ്യ. ഇതിൽ 10675 സ്ത്രീകളും 10608 പുരുഷന്മാരുമാണ്. ഇത് യഥാക്രമം 50.12%വും 49.88% ആണ്.

മൊത്തം കടുംബങ്ങളിൽ 1510 കുടുംബങ്ങൾ സ്ത്രീ കുടുംനാഥകൾ ആയതാണ്. വനിതകൾ ജനസംഖ്യയിൽ പുരുഷന്മാരെക്കാൾ അല്പം കൂടുതലാണ്. 1100 ഓളം കൗമാരക്കാരുടെ ശാരീരിക വിദ്യാഭ്യാസ ആവശ്യകതകൾ നിറവേറ്റുന്നത് വളരെ വെല്ലുവിളിയായ ഈ ആധുനിക കാലത്ത് ഇവക്ക് പ്രത്യേക ശ്രദ്ധയും പരിചരണവും ദിശാബോധവും സൃഷ്ടിക്കാൻ വേണ്ട ബോധവൽക്കരണം നമ്മുടെ ഗ്രാമപ്രദേശങ്ങളിലും അതീവ പ്രാധാന്യത്തോടെ നടത്തേണ്ടത് തന്നെയാണ്.

| മതവിഭാഗം | സ്ത്രീകൾ | പുരുഷന്മാർ | ആകെ | ശതമാനം |
|---|---|---|---|---|
| ഹിന്ദു | 5922 | 5746 | 11668 | 54.87 |
| മുസ്ലിം | 4724 | 4848 | 9572 | 45.02 |
| ക്രിസ്ത്യൻ | 11 | 14 | 25 | 0.11 |
| ആകെ | 10657 | 10908 | 21265 | 100 |
| പട്ടികജാതി | 144 | 121 | 265 | 1.25 |
| പട്ടികവർഗ്ഗം | 09 | 09 | 18 | 0.084 |
| ആകെ | 10675 | 10608 | 21265 | 100% |